ഡാമുകളിൽ നിന്നുള്ള മണൽവാരൽ

186(1443) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഏതൊക്കെ ഡാമുകളിൽ നിന്ന് മണൽവാരൽ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ അരുവിക്കര ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ നിന്നും പാലക്കാട് ജില്ലയിൽ മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽ നിന്നും ആക്കുളം കായലിൽ നിന്നും ചെളിയും മണ്ണും നീക്കുന്നതിന്റെ ഭാഗമായി മണൽ ശേഖരിക്കുന്നുണ്ട്.

വാണിജ്യനികുതി വകുപ്പിൽ നിന്നുള്ള നികുതി വരുമാനം

187(1444) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാണിജ്യനികുതി വകുപ്പിൽ നിന്നുള്ള നികുതി വരുമാനം എത്രയായിരുന്നു ; ഈ സർക്കാരിന്റെ കാലത്ത് നികുതി വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയായിരുന്നു ;

(സി) ഈ ഇനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടി ;

(ഡി) നിലവിൽ നികുതി കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാണിജ്യനികുതി വകുപ്പിൽ നിന്നുള്ള നികുതി വരുമാനവും വർദ്ധനവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	നികുതി വരുമാനം (തുക കോടിയിൽ)	വർദ്ധനവിന്റെ ശതമാനം
2005-06	6983.25	3
2006-07	8586.82	24
2007-08	9585.34	11
2008-09	11571.42	19
2009-10	13200	21
2010-11(31-1-11 വരെ)	12520.73	23

(ബി) 3078.70 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly